**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 -എൻ. എഫ്. എസ്. എ ഗോഡൗണുകളുടെ നടത്തിപ്പ്, ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണം എന്നിവയുടെ ചുമതല സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ (സപ്ലൈകോ) നിന്നും മാറ്റി പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് നല്കിയും വകുപ്പിനെ പദ്ധതിയുടെ ഏകോപനത്തിനായുള്ള അംഗീകൃത ഏജൻസിയായി നിശ്ചയിച്ചും ഉത്തരവാകുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ഡി ) വകുപ്പ്**

സ.ഉ.(കൈ) നം.2/2026/F&CS തീയതി, തിരുവനന്തപുരം, 06-02-2026

---

പരാമർശം:-

1. 02.12.2013 ലെ സ ഉ (കൈ) നം. 53/2013/ഭപൊവിവ
2. 29.08.2016 ലെ സ ഉ (കൈ) നം. 11/2016/ഭപൊവിവ
3. 03.10.2016 ലെ സ ഉ (കൈ) നം. 15/2016/ഭപൊവിവ.
4. സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 29.02.2020 ലെ NFSA5/4597/20 നമ്പർ കത്ത്
5. ധനകാര്യ ഇൻസ്പെക്ഷൻ (NT-D) വകുപ്പിന്റെ 25.09.2025ലെ IW- D1/6/2024- Fin നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളതാണ്. പ്രസ്തുത നിയമത്തിലെ വകുപ്പ് 24 (5) (ബി) യിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം, സപ്ലൈകോയെ പരാമർശം (2) പ്രകാരം വാതിൽപ്പടി വിതരണത്തിനായി ചുമതലപ്പെടുത്തുകയും പരാമർശം (3) പ്രകാരം എൻ.എഫ്.എസ്.എ. ഗോഡൗണുകളുടെ നടത്തിപ്പ്, വാതിൽപ്പടി വിതരണം (Doorstep Delivery) എന്നിവയുടെ ചുമതല നല്കുകയും, സിസ്റ്റം ഇന്റഗ്രേറ്ററായും അംഗീകൃത ഏജൻസിയായും നാമനിർദ്ദേശം ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ റേഷൻ വിതരണത്തിൽ നിന്നും സ്വകാര്യ മൊത്ത വിതരണക്കാരെ പൂർണ്ണമായി ഒഴിവാക്കുകയും റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം സപ്ലൈകോയിൽ നിക്ഷിപ്തമാക്കുകയുണ്ടായി. 2017 മാർച്ചിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച് ഏപ്രിൽ മുതൽ കേന്ദ്ര സർക്കാർ

അലോട്ട്മെന്റ് പ്രകാരം ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും ലഭ്യമാകുന്ന ഭക്ഷ്യധാന്യ വിഹിതം, സപ്ലൈകോയുടെ തന്നെ നെല്ല് സംഭരണം വഴി ഓരോ മാസവും ലഭ്യമാകുന്ന കുത്തരിയുടെ വിഹിതം എന്നിവ സപ്ലൈകോയുടെ നിയന്ത്രണത്തിലുള്ള NFSA ഗോഡൌണുകളിൽ സംഭരിക്കൽ, അവിടെ നിന്നും ന്യായവിലഷോപ്പുകൾ വരെയുള്ള ചരക്ക് നീക്കം എന്നിവയുടെ മേൽനോട്ടവും കണക്കുകൾ സൂക്ഷിക്കലും ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർണ്ണമായും സപ്ലൈകോയാണ് ചെയ്തു വരുന്നത്.

2. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം - 2013 പ്രകാരം സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയുടെ പൊതുവെയുള്ള മേൽനോട്ടവും നടത്തിപ്പും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറിൽ നിക്ഷിപ്തമാണ്. ഭക്ഷ്യ ധാന്യങ്ങളുടെ വില ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ അടവാക്കുന്നതും വകുപ്പാണ്. എൻ. എഫ്. എസ്. എ. ഗോഡൗണുകളുടെ നടത്തിപ്പ് ചുമതലയും വാതിൽപ്പടി വിതരണവും നിലവിൽ നടത്തിവരുന്ന സപ്ലൈകോയ്ക്ക് മുഴുവൻ ചെലവുകളും കേന്ദ്ര-സംസ്ഥാന സർക്കാരുകളാണ് നൽകി വരുന്നത്. ആയതിനോടൊപ്പം, ഭക്ഷ്യധാന്യങ്ങളുടെ ഇൻട്രാസ്റ്റേറ്റ് മൂവ്മെന്റിനും മറ്റ് കൈകാര്യ ചിലവുകൾക്കുമായി കേന്ദ്ര-സംസ്ഥാന സർക്കാർ അനുവദിച്ചു വരുന്ന വിഹിതം SNA-SPARSH മുഖാന്തരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ മുഖേനയും അഡീഷണൽ സ്റ്റേറ്റ് ഷെയർ വിഹിതം സപ്ലൈകോ മുഖേനയുമാണ് കരാറുകാർക്ക് നൽകിവരുന്നത്. ഇത്തരത്തിൽ സംസ്ഥാനത്തെ പൊതു വിതരണ സംവിധാനത്തിന്റെ നടത്തിപ്പ് ചുമതല രണ്ടു തട്ടിലായി നിർവ്വഹിച്ചു വരുന്നത് പ്രായോഗികതലത്തിൽ പല ബുദ്ധിമുട്ടുകൾക്കും കാലതാമസത്തിനും കാരണമാകുന്നുണ്ട്.

3. ഭക്ഷ്യ ധാന്യങ്ങൾ എഫ്.സി.ഐ, സി.എം.ആർ. മില്ലുകൾ എന്നിവയിൽ നിന്നും സമയബന്ധിതമായി വിട്ടെടുത്ത് എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ എത്തിച്ച് റേഷൻകടകളിലേക്ക് വാതിൽപ്പടി വിതരണം നടത്തുന്നതിൽ തുടർച്ചയായി കാലതാമസം നേരിടുന്നുണ്ട്. ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് വാതിൽപ്പടി വിതരണം നടത്തുന്ന കരാറുകാർ സമയബന്ധിതമായി പ്രവർത്തി പൂർത്തീകരിക്കാത്തതിനാൽ പല മാസങ്ങളിലും റേഷൻ വിതരണത്തീയതി നീട്ടേണ്ട അവസ്ഥയാണുള്ളത്. സപ്ലൈകോയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് കരാറുകാർ എന്നതിനാൽ ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണത്തിൽ യഥാവിധി ഇടപെട്ട് പരിഹാരം കാണുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

4. എൻ.എഫ്.എസ്.എ. ഗോഡൗണുകൾ ആരംഭിച്ചതിനു ശേഷം ഗോഡൗണുകൾ എല്ലാം തന്നെ ശാസ്ത്രീയ ഗോഡൗണുകൾ ആക്കി മാറ്റുന്നതിന് ഇതുവരെയും കഴിഞ്ഞിട്ടില്ല. നിലവിലുള്ള ഗോഡൗണുകളിൽ കൂടുതലും അശാസ്ത്രീയ ഗോഡൗണുകളായതിനാൽ കേന്ദ്ര സർക്കാരിന്റെ L2 റൂട്ട് ഒപ്റ്റിമൈസേഷൻ റിപ്പോർട്ട് നിലവിൽ നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകളിൽ യഥാവിധി ബാധ്യത തിട്ടപ്പെടുത്തി ബന്ധപ്പെട്ടവരിൽ നിന്നും സർക്കാരിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനും കാലതാമസമുണ്ടാകുന്നതായി കാണുന്നു.

5. സംസ്ഥാനത്തു എൻ.എഫ്.എസ്.എ. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകളുടെ സുതാര്യത

പരിശോധിക്കുന്നതിന് 2022-23 സാമ്പത്തിക വർഷം മുതൽ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് നിർദ്ദേശം നല്കിയിരുന്നു. സപ്ലൈകോയുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് സമയം അനുവദിക്കണമെന്നാവശ്യത്തിന്മേൽ ആയത് അംഗീകരിച്ചിട്ടുള്ളതാണ്. എൻ.എഫ്.എസ്.എ. യുമായി ബന്ധപ്പെട്ട ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം സപ്ലൈകോക്ക് നഷ്ടമുണ്ടാക്കുന്നുവെന്നതിനാൽ മറ്റ് കേന്ദ്ര സംസ്ഥാന ഏജൻസികളെ ചുമതലപ്പെടുത്തുന്നത് ഉചിതമാകുമെന്നും സപ്ലൈകോ ചെയർമാൻ പരാമർശം (4) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ NFSA ഡിപ്പോകളിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ സ്ഥിര/ദിവസ ജീവനക്കാരെ സപ്ലൈകോ നിയോഗിച്ചിട്ടുള്ളതായും വിട്ടെടുപ്പ്, വാതിൽപ്പടി വിതരണം എന്നിവയിൽ യഥാർത്ഥ ചെലവിനേക്കാൾ കൂടുതൽ തുക ക്ലെയിം ചെയ്യുന്നതായും ധനകാര്യവകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയ സാഹചര്യത്തിൽ, ഏകദേശം 20 കോടിയോളം രൂപ തിരികെ ഈടാക്കുന്നതിന് പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിട്ടുമുണ്ട്.

6. ഓരോ മാസത്തെയും ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ്, വാതിൽപ്പടി വിതരണം എന്നിവ പൂർത്തീകരിച്ചതിനു ശേഷം ബന്ധപ്പെട്ട കരാറുകാരിൽനിന്നും തയ്യാറാക്കി നല്കുന്ന ക്ലെയിമുകൾ സർക്കാരിൽ സമർപ്പിക്കുന്നതിന് വരുത്തുന്ന കാലതാമസം കരാറുകാരുടെ സമരത്തിനും അതു വഴി റേഷൻ വിതരണത്തിൽ തടസ്സവും ഉണ്ടാക്കുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ വിഭാഗം ജനവിഭാഗങ്ങളിൽപ്പെട്ടവർക്കും സുതാര്യവും സീമാതീതവുമായി പൊതുവിതരണ സംവിധാനത്തിലൂടെ ഭക്ഷ്യ ഭദ്രത ഉറപ്പു വരുത്തുക എന്ന പ്രഖ്യാപിത ലക്ഷ്യത്തിന് ഇത്തരം പ്രവർത്തനങ്ങൾ വിഘാതം സൃഷ്ടിക്കുന്നുണ്ട്.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിതരണ സംവിധാനത്തിന്റെ പ്രവർത്തനം ഒരു ഏകീകൃത നിയന്ത്രണാധികാരിയുടെ (Unity of Command) കീഴിൽ കൊണ്ടു വരാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള അപാകതകൾ നിലനിൽക്കാനിടയായിട്ടുള്ളതെന്നും എൻ.എഫ്.എസ്.എ. ഗോഡൌണുകളുടെ ചുമതല, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം എന്നിവ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ (സപ്ലൈകോ) നിന്നും മാറ്റുന്നത് അവയുടെ കൃത്യമായ ഏകോപനത്തിനും ക്രമക്കേടുകൾ ഒഴിവാക്കുന്നതിനും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കും പ്രകാരം ഭക്ഷ്യ ധാന്യങ്ങളുടെ വിതരണം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനും അഭികാമ്യമാണെന്നും കാണുന്നു. ഈ സാഹചര്യത്തിൽ, 2013 ലെ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ സെക്ഷൻ 24 (2) (എ) പ്രകാരം സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013-മായി ബന്ധപ്പെട്ട എൻ.എഫ്.എസ്.എ. ഗോഡൗണുകളുടെ നടത്തിപ്പ്, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം എന്നിവയുടെ ചുമതല സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ (സപ്ലൈകോ) നിന്നും മാറ്റി, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് നല്കിയും പദ്ധതിയുടെ ഏകോപനത്തിനായുള്ള അംഗീകൃത ഏജൻസിയായി നിശ്ചയിച്ചും ഉത്തരവാകുന്നു .

8. 01/04/2026 മുതൽ എൻ.എഫ്.എസ്.എ ഗോഡൗണുകളുടെ നടത്തിപ്പും വാതിൽപ്പടി വിതരണവും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് വഴി നേരിട്ട് നടത്തുന്നതിന് ആവശ്യമായ സ്റ്റാഫ് പാറ്റേൺ

ഉൾപ്പെട്ടുത്തിയുള്ള വിശദമായ ശുപാർശ, ബന്ധപ്പെട്ട നിയമം /ചട്ടങ്ങൾ എന്നിവയിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ ആയതിനുള്ള ശുപാർശ എന്നിവ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം ,തിരുവനന്തപുരം .

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം , തിരുവനന്തപുരം .

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ , കൊച്ചി

ഡയറക്ടർ, വെബ് &ന്യൂ മീഡിയ

ഓഫീസ് കോപ്പി /കരുതൽ ഫയൽ/ഓഫീസ് സെക്ഷൻ.

ഉത്തരവിൻ പ്രകാരം

Signed by K R Remya
Date: 06-02-2026 14:13:40

സെക്ഷൻ ഓഫീസർ